




# പോലീസ് 'പ്രാകൃതം'

ജനറൽ എഡിറ്റർ

ലോക്കപ്പ് മരണങ്ങളുടെയും കസ്റ്റഡി മർദ്ദനങ്ങളുടെയും ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന കാലമാണിത്. പോലീസിനുള്ളിൽ അധോലോകം നിലനിൽക്കുന്ന കാലത്തോളം ഇത് തുടർന്നുകൊണ്ടേയിരിക്കും. അതില്ലാത്ത ഒരു കാലം ഒരിക്കലും ഉണ്ടാകാൻ പോകുന്നില്ല. വേണ്ടിവന്നാൽ കേട്ട് മറന്ന പഴയ മുദ്രാവാക്യം ഉയർത്തെഴുന്നേറ്റെന്നും വരും. "ഞങ്ങടെ പോലീസ് ഞങ്ങളെ തല്ലിയാൽ നിങ്ങൾക്കെന്തേ കോൺഗ്രസ്സേ?" അതേ പോലീസ് ഒരിക്കലും നന്നാകാൻ പോകുന്നില്ല. അതിനാൽ പോലീസിന്റെ പേര് വേണമെങ്കിൽ മാറ്റാം "പ്രാകൃതം"

കേരളത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ ഭരിക്കുമ്പോൾ 1958ൽ കൊല്ലം ചന്ദനത്തോപ്പിൽ തൊഴിലാളികൾക്ക് നേരെ പോലീസ് വെടിവെപ്പുണ്ടായി. രണ്ട് തൊഴിലാളികൾ തൽക്ഷണം മരിച്ചു. അന്ന് സർക്കാരും കമ്മ്യൂണിസ്റ്റ് പാർട്ടിയും പോലീസ് വെടിവെപ്പിനെ ശക്തിയായി ന്യായീകരിച്ചു. ന്യായീകരണത്തിന് ഒറ്റ ന്യായമേ പറയാൻ ഉണ്ടായിരുന്നുള്ളൂ. പോലീസിന്റെ വീര്യം കെടുത്താൻ പാടില്ല .പിന്നീട് വന്ന മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള സർക്കാരുകൾ എല്ലാം ഇതേ നയം പിന്തുടർന്നു. ഇപ്പോഴത്തെ പോലീസിന്റെ നരനായാട്ടിനെ പിണറായി സർക്കാർ ശക്തമായി ന്യായീകരിക്കുന്നത് പാരമ്പര്യ നയത്തിന്റെ മഹിമ

വിളിച്ചറിയിക്കാനാണ്.

അന്ന് കമ്മ്യൂണിസ്റ്റുകാർ വിളിച്ച ഒരു മുദ്രാവാക്യം ഉണ്ട്. ഞങ്ങടെ പോലീസ് ഞങ്ങളെ തല്ലിയാൽ നിങ്ങൾക്ക് എന്തേ കോൺഗ്രസ്സേ? ഇന്ന് ആ മുദ്രാവാക്യം വിളിക്കു ന്നില്ലെന്നേയുള്ളൂ. ബാക്കി എല്ലാ കാര്യങ്ങളും പഴയതുപോലെതന്നെ. എത്ര പേരെ കുരുതി കൊടുക്കേണ്ടി വന്നാലും പോലീസിന്റെ മനോവീര്യം കാത്തുസൂക്ഷിക്കാൻ ആയിരുന്നു എല്ലാ സർക്കാരുകളും മുൻഗണന നൽകിയത് . ഈച്ചര വാര്യരുടെ മകൻ രാജനെ ഉരുട്ടിക്കൊന്നതും, വർക്കല വിജയനെ ലോക്കപ്പിൽ തല്ലിക്കൊന്നതും, വരാപ്പുഴയിൽ ശ്രീജിത്തിനെ പോലീസ് കസ്റ്റഡി യിൽ മരിക്കേണ്ടി വന്നതും, തിരുവന ന്തപുരത്ത് ഉദയകുമാറിനെ ഫോർട്ട് സ്റ്റേഷനിൽ ജീവനൊടുക്കേണ്ടി വന്ന തുമൊക്കെ ഇതേ മനോവിര്യത്തിന്റെ പേരിലാണ്.

തെന്മലയിൽ ദളിത് യുവാവി നെയും അയാളുടെ 9 വയസ്സുള്ള മകളെയും പൊതുജനമദ്ധ്യേ മോഷ്ടാക്കളെന്ന് മുദ്രകുത്തി പീ ഡിപ്പിച്ചതും പോലീസിന്റെ വീര്യം കണക്കിലെടുത്തായിരുന്നു. ഒരു വനിതാ പോലീസ് ഓഫീസറുടെ മൊബൈൽ കാണാതായതായിരു ന്നു ഈ സംഭവത്തിന് കാരണം. അച്ഛനും മകൾക്കും നഷ്ടപരിഹാരം നൽകാൻ കോടതി വിധിച്ചപ്പോൾ അതിനെതിരെ അപ്പീൽ നൽകുകയാ ണ് സർക്കാർ ചെയ്തത്. തിരുവനന്ത പുരത്ത് വീട്ടുജോലിക്ക് നിന്നിരുന്ന യുവതിയെ മാല മോഷണക്കേസിൽ കുടുക്കിയതും മറക്കാനാവില്ല. 20 മണിക്കൂർ പോലീസ് സ്റ്റേഷനിൽ ഇരിക്കേണ്ടി വന്ന ഈ യുവതി കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ കക്കൂസിൽ നിന്ന് വെള്ളം എടുത്ത് കുടിക്കാനാണ് പോലീസുകാരൻ പറ ഞ്ഞത്. എന്നാൽ മോഷണംപോയ മാല തിരിച്ച് കിട്ടിയപ്പോൾ പേരൂർ ക്കട സ്റ്റേഷനിലെ എസ് ഐ പ്ര സാദിനെയും ഗ്രേഡ് എ എസ് ഐ പ്രസന്നകുമാറിനെയും സസ്പെൻഡ് ചെയ്തു. പോലീസുകാർ ഉൾപ്പെടെയു ള്ളവരെ പ്രതിയാക്കി കേസ്സുമെടുത്തു. ജനരോഷം ആളിക്കത്തിയതിനെ തുടർന്നായിരുന്നു നടപടി.

പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ച പോലീസിന്റെ കസ്റ്റഡി മർ ദ്ദന വിവരങ്ങളിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ക്രൂര മർദ്ദനമേറ്റവരിൽ പലരും കേസിലെ പ്രതികളായി.



**പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ച പോലീസിന്റെ കസ്റ്റഡി മർദ്ദന വിവരങ്ങളിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ക്രൂര മർദ്ദനമേറ്റവരിൽ പലരും കേസിലെ പ്രതികളായി. കുന്നംകുളം പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനത്തിനിരയായ സുജിത്തിന്റെ പേരിൽ കോവിഡ് കാലത്ത് ജാഥ നയിച്ചതിനും ഇന്ധനവില വർദ്ധനവിനെതിരെ റോഡ് ഉപരോധിച്ചതിനുമൊക്കെ കേസ്സു കളുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇത്തരം കേസുകൾ ഇല്ലാത്ത ആരെങ്കിലും നിയമസഭാ അംഗങ്ങളായുണ്ടോ? എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ ചോദ്യത്തിനു മുമ്പിൽ മുഖ്യമന്ത്രി മുട്ടുമടക്കി.**

കുന്നംകുളം പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനത്തിനിരയായ സുജിത്തി ന്റെ പേരിൽ കോവിഡ് കാലത്ത് ജാഥ നയിച്ചതിനും ഇന്ധനവില വർദ്ധനവിനെതിരെ റോഡ് ഉപരോ ധിച്ചതിനുമൊക്കെ കേസ്സുകളുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇത്തരം കേസുകൾ ഇല്ലാത്ത ആരെങ്കിലും നിയമസഭാ അംഗങ്ങളായുണ്ടോ? എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ ചോദ്യത്തിനു മുമ്പിൽ മുഖ്യമന്ത്രി മുട്ടുമടക്കി.

പീച്ചിയിൽ ഹോട്ടലുടമയെയും മകനെയും ക്രൂരമായി മർദ്ധിക്കുകയും പോക്സോ കേസ്സിൽപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭ വത്തിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു. ചിറയിൻകീഴ് സ്റ്റേഷനിൽ പരാതിക്കാരന്റെ കണ്ണിൽ കുരുമുളക് സ്പ്രേ ചെയ്ത എസ്ഐക്ക് എതിരെ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. അന്വേഷണം ആരംഭിച്ചുകഴിഞ്ഞു. അടൂരിൽ ഡി.വൈ.എഫ്.ഐ മേഖലാ സെക്ര ട്ടറിയെ പോലീസുകാർ തല്ലിക്കൊന്ന കേസിൽ മരണകാരണം ഹൃദയസം ബന്ധമായ അസുഖമാണെന്നായിരു ന്നു മുഖ്യമന്ത്രിയുടെ വിശദീകരണം.

കേരളത്തിലെ മുഖ്യമന്ത്രിമാ രിൽ പോലീസിന്റെ മർദ്ദന വീര്യം നന്നായി അനുഭവിച്ചറിഞ്ഞ മുഖ്യമ ന്ത്രിയാണ് പിണറായി വിജയൻ. അടിയന്തരാവസ്ഥ കാലത്ത് കെ. കരുണാകരൻ ആഭ്യന്തരമന്ത്രിയായി രിക്കെ കൂത്തുപറമ്പിൽ നിന്നുള്ള എം .എൽ.എ ആയിരുന്ന പിണറായി. കരുണാകരന്റെ പോലീസ് പിണറാ യിയെ ഇഞ്ച ചതയ്ക്കും പോലെ തല്ലി ചതച്ചു. ആ മർദ്ദനത്തിന്റെ പാടുക ളുമായി 1977 മാർച്ചിൽ പിണറായി നിയമസഭയിൽ നടത്തിയ പ്രസംഗം സഭയുടെ ചരിത്രത്തിൽ തന്നെ ത്രസിപ്പിക്കുന്ന അധ്യായമാണ്. 40 വർഷങ്ങൾക്ക് ശേഷം അദ്ദേഹം മുഖ്യമന്ത്രിയായപ്പോൾ നടപ്പാക്കിയ തീരുമാനങ്ങളിൽ ഒന്ന് കരുണാ കരന്റെ വിശ്വസ്തനായിരുന്ന രമൺ ശ്രീവാസ്തവയെ പോലീസ് ഉപദേ ശകൻ ആക്കുക എന്നതായിരുന്നു. ഒരുപക്ഷേ കരുണാകരനിൽ നി ന്നായിരിക്കാം അദ്ദേഹം ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ബാലപാഠങ്ങൾ പഠിച്ചിട്ടുണ്ടാവുക.

പോലീസിൽ ഭരണകൂടത്തിന്റെ ഇംഗിതങ്ങൾ നിറവേറ്റുന്നതിന് വേണ്ടി മാത്രം ഒരു അധോലോകം എല്ലാകാലത്തും പ്രവർത്തിച്ചിരു ന്നു. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടവർ അതേ ജനത്തിന് എതിരെ തിരിയുന്നു. ഇതേ അധോലോകം തന്നെയാണ് ഇന്ദിരാഗാന്ധിയെയും കെ കരുണാക രനെയുമൊക്കെ കുഴിയിൽ ചാടിച്ചത്. ഇപ്പോൾ പിണറായിക്ക് വേണ്ടി പ്രവർത്തിക്കുന്ന അധോലോകമാക ട്ടെ യാതൊരു കൂസലുമില്ലാതെ എന്ത് അതിക്രമവും കാണിക്കാൻ മടിയി ല്ലാത്തവരാണ്. ഇനി എത്ര കാലം ഇവരെ സഹിക്കേണ്ടിവരും?